58 393/2020
03/06/2020

01/06/2020





കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നോർത്ത് പറവൂർ മാസ്റ്റർ പ്ലാൻ - അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം. 89 /2020/തസ്വഭവ *തിരുവനന്തപുരം, തീയതി 27 /05/2020*

പരാമർശം:

1. G.O.(Ms)No.79/2013/LSGD. dtd. 5/03/13.
2. G.O.(Ms)No.88/2015/LSGD. dtd. 23/03/15.
3. G.O.(Ms)No.33/2016/LSGD. dtd. 12/02/16.
4. നോർത്ത് പറവൂർ നഗരസഭാ കൗൺസിലിന്റെ 31/10/19-ലെ തീരുമാനം.
5. മുഖ്യനഗരാസൂത്രകന്റെ 20/05/20-ലെ F2(E2)/9337/10 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം നോർത്ത് പറവൂർ കരട് മാസ്റ്റർ പ്ലാനിന് Town Planning Act 1108 വകുപ്പ് 9 അനുസരിച്ച് സർക്കാർ പ്രസിദ്ധീകരണാനുമതി നൽകി. Travancore Town Planning Rules, Rule 27(ii) പ്രകാരം നഗരസഭ കരട് മാസ്റ്റർ പ്ലാൻ. ആക്ഷേപനിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

(2) Town Planning Act 1108 റദ്ദാക്കിക്കൊണ്ട് 2016 ൽ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ട് നിലവിൽ വന്നു. ടി ആക്ടിന്റെ 113- ാം വകുപ്പ് പ്രകാരം നോർത്ത് പറവൂർ മാസ്റ്റർ പ്ലാൻ 2016 -ലെ Kerala Town & Country Planning Actനു കീഴിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു മാസ്റ്റർ പ്ലാനായി പരിഗണിക്കപ്പെട്ടിട്ടുള്ളതും പ്രസിദ്ധീകരണ രീതി സാധൂകരിക്കപ്പെട്ടതുമാണ്.

(3) കരട് മാസ്റ്റർ പ്ലാൻ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ധാരാളം പരാതി സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം വടക്കൻ പറവൂർ മാസ്റ്റർ പ്ലാൻ താത്കാലികമായി മരവിപ്പിക്കുവാനും തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ മരവിപ്പിച്ച നടപടി പിൻവലിച്ചുകൊണ്ടും സർക്കാർ ഉത്തരവായി.

(4) ലഭ്യമായ ആക്ഷേപ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കാൻ രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റി മുൻസിപ്പൽ കൗൺസിൽ മുമ്പാകെ 26/2/18-ന് റിപ്പോർട്ട് സമർപ്പിച്ചു. 17/03/18-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരട് മാസ്റ്റർ പ്ലാനിൽ ചില ഭേദഗതികൾ വരുത്തി സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ നോർത്ത് പറവൂർ മാസ്റ്റർ പ്ലാൻ നഗരസഭയുടെ ശിപാർശ സഹിതം ജില്ലാ നഗരാസൂത്രകൻ മുഖ്യനഗരാസൂത്രകന് നൽകുകയും, മാസ്റ്റർ പ്ലാനിൽ വീണ്ടും ചില ഭേദഗതി വരുത്തി ലഭ്യമാക്കാൻ മുഖ്യനഗരാസൂത്രകൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ മാസ്റ്റർ പ്ലാൻ പരാമർശം (4) പ്രകാരം അംഗീകരിക്കുകയും, മാസ്റ്റർ പ്ലാൻ അനുബന്ധ രേഖകൾ സഹിതം സർക്കാർ അംഗീകാരത്തിനായി മുഖ്യനഗരാസൂത്രകന് നൽകുകയും ചെയ്തു.

(5) മാസ്റ്റർ പ്ലാൻ അംഗീകാരത്തിന് ലഭ്യമാക്കുന്നതിനായി എടുത്ത സമയ പരിധി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിലെ വകുപ്പ് 38 പ്രകാരം പരിഗണിക്കാവുന്നതാണെന്നും നഗരഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതികാനുമതിയോടെ തയ്യാറാക്കിയ നോർത്ത് പറവൂർ മാസ്റ്റർ പ്ലാനിന് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് വകുപ്പ് 36(8) പ്രകാരമുള്ള അനുമതി നൽകാമെന്നും സൂചന (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സെക്ഷൻ 36(8) പ്രകാരം നോർത്ത് പറവൂർ മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ IAS

പ്രിൻസിപ്പൽ സെക്രട്ടറി

1. സെക്രട്ടറി, നോർത്ത് പറവൂർ നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, എറണാകുളം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.